തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം – 676 502

## സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല – വൈസ് ചാൻസലറുടെ കാര്യാലയം – സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരായ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിന് നിർവാഹകസമിതിയും പൊതുസഭയും കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ നടപ്പാക്കൽ – ബന്ധപ്പെട്ട ഓർഡിനൻസ് പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

## വൈസ് ചാൻസലറുടെ കാര്യാലയം

**നമ്പർ: 316/2017/വി.സി.** **തിരൂർ, തീയതി: 25 ജൂൺ 2020**

---

പരാമർശം : (1) 2020.16(16/44) ഇനമായി 44-ാമത് നിർവാഹകസമിതിയോഗ തീരുമാനം
(2) 2020.09 (9/22) ഇനമായി 22-ാമത് പൊതുസഭായോഗ തീരുമാനം

## ഉത്തരവ്

2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല നിയമം, അദ്ധ്യായം VIII ലെ 47-ാം വകുപ്പ് 'എ' മുതൽ 'ഇ' വരെയുള്ള ഉപവകുപ്പുകൾ, കൂടാതെ 2019 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടുകളിലെ അദ്ധ്യായം 26 വകുപ്പ് 1 എന്നീ വകുപ്പുകൾ നൽകുന്ന അധികാരം ഉപയോഗിച്ച് നിർവാഹകസമിതിയുടേയും പൊതുസഭയുടേയും അംഗീകാരത്തോടുകൂടി സർവകലാശാലാ നിയമം, സ്റ്റാറ്റ്യൂട്ടുകൾ എന്നിവയിലെ വ്യവസ്ഥകൾക്കു വിധേയമായി ഓർഡിനൻസ് പുറപ്പെടുവിക്കാവുന്നതാണ്.

പരാമർശം (1) പ്രകാരം 2020 മാർച്ച് 21 നു ചേർന്ന തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ 44-ാമത് നിർവാഹകസമിതിയോഗം സർവകലാശാല ഉദ്യോഗസ്ഥരായ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി തസ്തികകളിലേക്കുള്ള നിയമനവ്യവസ്ഥകൾ പരിഗണിച്ച് താഴെപറയുംപ്രകാരം തീരുമാനമെടുക്കുകയുണ്ടായി.

(1) രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി തസ്തികകളിലേക്ക് തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല നിയമത്തിന്റെയും ആദ്യ സ്റ്റാറ്റ്യൂട്ടുകൾ, 2019 ന്റെയും വ്യവസ്ഥകളും യു.ജി.സി. റെഗുലേഷനുകളും പാലിച്ച് പൊതുവിജ്ഞാപനം വഴി നിയമനം നടത്തുവാൻ തീരുമാനിച്ചു.

(2) രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകളുടെ ശമ്പളസ്കെയിൽ, വിദ്യാഭ്യാസയോഗ്യത, പ്രായം, പ്രവൃത്തിപരിചയം, നിയമനാധികാരി, നിയമനരീതി എന്നിവ വ്യവസ്ഥ ചെയ്യുന്ന ഓർഡിനൻസിന്റെ നിർദ്ദേശം അംഗീകരിച്ച് അവ പൊതുസഭയുടെ പരിഗണനയ്ക്കായി അവതരിപ്പിക്കാൻ തീരുമാനിച്ചു.

പരാമർശം (2) പ്രകാരം, 2020 മാർച്ച് 21 ന് ചേർന്ന തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ 22-ാമത് പൊതുസഭായോഗം 2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വ

കലാശാല നിയമം, അദ്ധ്യായം V ലെ 32, 33, 34 എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സ്റ്റാറ്റ്യൂട്ടറി തസ്തികകളായ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകളുടെ ശമ്പളസ്കെയിൽ, വിദ്യാഭ്യാസയോഗ്യത, പ്രായം പ്രവൃത്തിപരിചയം, നിയമനാധികാരി, നിയമനരീതി എന്നിവ നിശ്ചയിച്ച് യു.ജി.സി. 18.7.2018 ന് പുറപ്പെടുവിച്ചിട്ടുള്ള 'റെഗുലേഷൻസ് 2018' തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ഓർഡിനൻസ് 2020 ആയി ഇറക്കുവാൻ പൊതുസഭ തീരുമാനിച്ചു. ഫിനാൻസ് ഓഫീസറുടെ യോഗ്യത വിവരിക്കുന്ന കോളം 4 ൽ 2-ാമത്തെ ഇനമായ വിദ്യാഭ്യാസ യോഗ്യതയുടെ സ്ഥാനത്ത് സി.എ.യ്ക്കു തത്തുല്യമായി ഐ.സി.ഡബ്ള്യു.എ. കൂടി ചേർക്കേണ്ടതാണെന്നും തീരുമാനിച്ചു. (അനുബന്ധം 4)

മേൽപ്രകാരം രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സർവകലാശാലാ സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരുടെ നിയമനവ്യവസ്ഥകൾ അടങ്ങുന്ന ഓർഡിനൻസ് 2020 താഴെ കൊടുത്തിരിക്കുന്നു.

**ഓർഡിനൻസ് – 2020**

**സർവകലാശാലാ അനദ്ധ്യാപകരുടെ പട്ടിക:**

1. താഴെകൊടുത്തിരിക്കുന്ന പട്ടികയിലെ രണ്ടാമത്തെ കോളത്തിൽ കൊടുത്തിട്ടുള്ള തസ്തികകളുടെ ശമ്പളസ്കെയിൽ, വിദ്യാഭ്യാസയോഗ്യത, പ്രായം, നിയമനാധികാരി, നിയമനരീതി എന്നിവ 3, 4, 5, 6 എന്നീ കോളങ്ങളിൽ യഥാക്രമം നിശ്ചയിച്ചിട്ടുള്ളതിന് അനുരൂപമായിട്ടായിരിക്കും.
2. ഒരോ ശമ്പളസ്കെയിലിനും നിർവാഹകസമിതി അതത് കാലത്ത് നിശ്ചയിക്കുന്ന നിരക്കിലുള്ള വേതനവർദ്ധനവ് ഉണ്ടായിരിക്കുന്നതാണ്.
3. ഇതിൽ വിവരിച്ചിട്ടുള്ള കുറഞ്ഞ വിദ്യാഭ്യാസയോഗ്യതകളും മറ്റു തരത്തിലുള്ള യോഗ്യതകളുമില്ലാത്ത യാതൊരാളേയും സർവകലാശാലാ സേവനത്തിൽ നിയമിക്കുവാൻ പാടുള്ളതല്ല.

## ഷെഡ്യൂൾ

അനദ്ധ്യാപക സേവനം

| ക്രമ നം. | തസ്തിക | ശമ്പളം സ്കെയിൽ രൂപ | കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത | പ്രായം | നിയമനാധികാരി | നിയമന രീതി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | രജിസ്ട്രാർ | 37400-67000 ഗ്രേഡ് പേ 10,000/- | 1. അംഗീകൃതസർവകലാശാലയിൽ നിന്ന് 55%ൽ കുറയാത്ത മാർക്കോടെ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തരബിരുദമോ തത്തുല്യമായ യു.ജി.സി. 7 പോയിന്റ് സ്കെയിലിലുള്ള ബി ഗ്രേഡോ<br>2. അസിസ്റ്റന്റ് പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 15 വർഷത്തിൽ കുറയാത്ത അദ്ധ്യാപന പ്രവൃത്തി പരിചയം അഥവാ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 8 വർഷത്തിൽ കുറയാതുള്ള അദ്ധ്യാപന പ്രവൃത്തി പരിചയത്തോടൊപ്പം വിദ്യാഭ്യാസരംഗത്തുള്ള 5 വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തിപരിചയം. | 40നും 50നും ഇടയിൽ | നിർവാഹക സമിതി | ദേശീയതലത്തിൽ പത്രത്തിലൂടെയും സർവകലാശാലാ വെബ്സൈറ്റിലൂടെയും പൊതുവിജ്ഞാപനം വഴി അപേക്ഷ ക്ഷണിച്ച് അർഹതയുടെയും പ്രവൃത്തിപരിചയത്തിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പട്ടികയിൽ നിന്നുമുള്ള നിയമനം.<br>അല്ലെങ്കിൽ<br>ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനം.<br>നിയമനക്കാലം: ജോലിക്ക് ഹാജരാകുന്ന ദിവസം മുതൽ നാല് വർഷത്തേയ്ക്കോ 56 വയസ്സ് പൂർത്തിയാകുന്നതുവരേയ്ക്കോ ഏതാണോ ആദ്യം അതുവരെ. |

| ക്രമ നം. | തസ്തിക | ശമ്പളം സ്കെയിൽ രൂപ | കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത | പ്രായം | നിയമനാധി കാരി | നിയമന രീതി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2 | പരീക്ഷാ കൺട്രോളർ | 37400-67000 ഗ്രേഡ് പേ 10,000/- | 1. ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ ഉള്ള ബിരുദാനന്തരബിരുദം, സർവകലാശാല/കോളേജ്/ വിദ്യാഭ്യാസവകുപ്പ് തലത്തിലുള്ള 5 വർഷത്തെ അദ്ധ്യാപന പ്രവൃത്തി പരിചയവും ജീവനക്കാരുടെ മേൽനോട്ടം വഹിച്ചുകൊണ്ടുള്ള 5 വർഷത്തെ ഭരണപരിചയവും. അഥവാ തത്തുല്യയോഗ്യത. | 40നും 50നും ഇടയിൽ | നിർവാഹക സമിതി | ദേശീയതലത്തിൽ പത്രത്തിലൂടെയും സർവകലാശാലാ വെബ്സൈറ്റിലൂടെയും പൊതുവിജ്ഞാപനം വഴി അപേക്ഷ ക്ഷണിച്ച് അർഹതയുടെയും പ്രവൃത്തിപരിചയത്തിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പട്ടികയിൽ നിന്നുമുള്ള നിയമനം.<br>അല്ലെങ്കിൽ<br>ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനം.<br>നിയമനക്കാലം: ജോലിക്ക് ഹാജരാകുന്ന ദിവസം മുതൽ നാല് വർഷത്തേയ്ക്കോ 56 വയസ്സ് പൂർത്തിയാകുന്നതുവരേയ്ക്കോ ഏതാണോ ആദ്യം അതുവരെ. |
| 3 | ഫിനാൻസ് ഓഫീസർ | 37400-67000 ഗ്രേഡ് പേ 10,000/- | 1. ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ ഉള്ള അംഗീകൃതസർവകലാശാല ബിരുദം.<br>2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയിലെ അസോസിയേറ്റ് അംഗം/ഫെല്ലോ.<br>അല്ലെങ്കിൽ<br>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയിലെ അസോസിയേറ്റ് അംഗം/ഫെല്ലോ.<br>3. ഏതെങ്കിലും സർവകലാശാലയിലോ പൊതുസ്ഥാപനത്തിലോ മേൽനോട്ടച്ചുമതലയോട് കൂടിയ തസ്തികയിൽ ധനവിനിയോഗകാര്യത്തിൽ 5 വർഷത്തിൽ കുറയാതെയുള്ള പ്രവർത്തി പരിചയം.<br>അഭിലഷണീയം: ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ ഉള്ള എം.ബി.എ. ഫിനാൻഷ്യൽ മാനേജ്മെന്റ് / എം.കോം. / എം.എ. എക്കണോമിക്സ് ബിരുദാനന്തരബിരുദം. | 40നും 50നും ഇടയിൽ | നിർവാഹക സമിതി | ദേശീയതലത്തിൽ പത്രത്തിലൂടെയും സർവകലാശാലാ വെബ്സൈറ്റിലൂടെയും പൊതുവിജ്ഞാപനം വഴി അപേക്ഷ ക്ഷണിച്ച് അർഹതയുടെയും പ്രവൃത്തിപരിചയത്തിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പട്ടികയിൽ നിന്നുമുള്ള നിയമനം.<br>അല്ലെങ്കിൽ<br>ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനം.<br>നിയമനക്കാലം: ജോലിക്ക് ഹാജരാകുന്ന ദിവസം മുതൽ നാല് വർഷത്തേയ്ക്കോ 56 വയസ്സ് പൂർത്തിയാകുന്നതുവരേയ്ക്കോ ഏതാണോ ആദ്യം അതുവരെ. |

മേൽപ്രകാരമുള്ള തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിർവാഹകസമിതിയുടെയും പൊതുസഭയുടെയും തീരുമാനങ്ങൾ നടപ്പാക്കികൊണ്ടുള്ള 'ഓർഡിനൻസ് - 2020' പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

വൈസ് ചാൻസലർ

പ്രിൻസിപ്പൽ സെക്രട്ടറി ഉന്നതവിദ്യാഭ്യാസവകുപ്പ്
എല്ലാ നിർവാഹകസമിതി / പൊതുസഭ അംഗങ്ങൾക്കും
രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ
ഓഫീസ് രേഖ / കരുതൽ രേഖ / വെബ്സൈറ്റ്